**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5218** **14-03-2023 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി താലൂക്കിലെ ഭൂമി തരം മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി താലൂക്കിൽ ഭൂമി തരം മാറ്റലുമായി ബന്ധപ്പെട്ട എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം തീർപ്പാക്കിയെന്നും വ്യക്തമാക്കുമോ; | (എ) | ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട് ചങ്ങനാശ്ശേരി താലൂക്കിൽ ഓഫ് ലൈനായും ഓൺലൈനായും, ആകെ 2667 അപേക്ഷകൾ ലഭിച്ചിട്ടുള്ളതാണ്. ടി അപേക്ഷകളിൽ, 1465 എണ്ണം തീർപ്പായിട്ടുണ്ട്. |
| (ബി) | തീർപ്പാക്കാത്ത അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | ഭൂമി തരംമാറ്റ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന്, ഐ.റ്റി അനുബന്ധ സൗകര്യങ്ങളും ഫീൽഡ് പരിശോധനയ്ക്കായി ആവശ്യമായ വാഹന സൗകര്യവും താല്ക്കാലിക ജീവനക്കാരുടെ സേവനവും അനുവദിച്ചിട്ടുണ്ട്. അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിനായി, സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസിജീയർ (SOP) തയ്യാറാക്കി നല്കിയിട്ടുള്ളതാണ്. കൂടാതെ, ശേഷിക്കുന്ന അപേക്ഷകൾ മുൻഗണനാക്രമത്തിൽ തീർപ്പാക്കുന്നതിന് ആവശ്യമായ റിപ്പോർട്ടുകൾ, അടിയന്തിരമായി സമർപ്പിക്കുന്നതിന്, ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്കും കൃഷി ഓഫീസർമാർക്കും രേഖാമൂലം നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ